എമ്മാവൂസ്
വചനദൂത്
Vol. VIII Issue : 64



# ഈശോയുടെ തിരുഹൃദയത്തിരുനാൾ

ഡീ. ജോർജ് മഠത്തിക്കണ്ടത്തിൽ MSJ

ഈശോമിശിഹായിൽ സ്നേഹം നിറഞ്ഞ വരെ,

പരി.കുർബാനയുടെ തിരുനാൾ കഴിഞ്ഞുവരുന്ന 8-ാമത്തെ ദിവസമായ വെള്ളിയാഴ്ചയാണ് തിരുസഭയിൽ പരമ്പരാഗതമായി ഈശോയുടെ തിരുഹൃദയ തിരുനാൾ കൊണ്ടാടുന്നത്. ഈശോ നേരിട്ട് വി.മർഗരീത്താമറിയത്തിന് നല്കിയ വെളിപാടിന്റെ വെളിച്ചത്തിലാണ് 1856 മുതൽ ആഗോളസഭയിൽ ഈ തിരുനാൾ ആചരിക്കുവാൻ തുടങ്ങിയത്. 1899 -ൽ ലെയോ 13-ാം മാർപാപ്പ മനുഷ്യവർഗ്ഗം മുഴുവനെയും ഈശോയുടെ തിരുഹൃദയത്തിന് പ്രതിഷ്ഠിക്കുകയും ചെയ്തു.

ഇന്ന് തിരുഹൃദയതിരുനാൾ ആഘോഷപൂർവ്വം കൊണ്ടാടുന്ന വേളയിൽ നാമോരോരുത്തരും ധ്യാന വിഷയമാക്കുവാനായി തിരുസഭ നമ്മോടാവശ്യപ്പെടുന്നത് മിശിഹാ രക്ഷകനാണെന്നും അവിടുന്ന് നേടിത്തന്ന രക്ഷയുടെ ഫലങ്ങൾ നാമോരോരുത്തരും സ്വന്തമാക്കണമെന്നും അതിനായി വിളിക്കപ്പെടുന്നവരാണ് നാമെന്നുമാണ്.

ഒരുമാസം മുമ്പ് സാമൂഹിക മാധ്യമങ്ങളിൽ കാണുവാനിടയായ ഒരു വാർത്ത ഏറെ ചിന്തിപ്പിക്കുന്നതാണ്. വാർത്തയുടെ ഉള്ളടക്കം ഇപ്രകാരമായിരുന്നു.

“യേശുവിനെ രക്ഷകനും നാഥനുമായി അംഗീകരിക്കുവാൻ ഇന്നത്തെ സഭ പ്രത്യേകിച്ച് കേരള സഭ വിമുഖത കാണിക്കുന്നു. കേരള സഭയ്ക്ക് ഇന്ന് നേരിടേണ്ടിവരുന്ന പ്രശ്നങ്ങളുടെ അടിസ്ഥാനമെന്നത് മിശിഹായെ തങ്ങളുടെ നാഥനും രക്ഷകനുമായി അംഗീകരിക്കാൻ പറ്റാത്ത അവസ്ഥയാണ്. ഇന്ന് തിരുഹൃദയത്തിരുന്നാൾ ഉയർത്തുന്ന വെല്ലുവിളിയും ഇതുതന്നെയാണ്. റോമാ 10:9-ൽ പൗലോസ് ശ്ലീഹാ ഇപ്രകാരം പറയുന്നു. “മിശിഹാ കർത്താവാണ് എന്ന് അധരം കൊണ്ട് ഏറ്റുപറയുകയും ദൈവം അവനെ മരിച്ചവരിൽനിന്ന് ഉയിർപ്പിച്ചു എന്ന് ഹൃദയത്തിൽ വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷപ്രാപിക്കും.”

അപ്പ. പ്രവ. 16:31 ഇപ്രകാരം പറയുന്നു “കർത്താവായ യേശു ക്രിസ്തുവിൽ വിശ്വസിക്കുക, നീയും നിന്റെ കുടുംബവും രക്ഷപ്രാപിക്കും.”. വി. യോഹന്നാന്റെ സുവിശേഷത്തിൽ 20:24 മുതലുള്ള വാക്യങ്ങളിൽ ഇപ്രകാരം കാണുന്നു. “ഈശോ ശിഷ്യന്മാർക്ക് പ്രത്യക്ഷപ്പെട്ടപ്പോൾ തോമസ് അവിടെയുണ്ടായിരുന്നില്ല. എന്നാൽ ശ്ലീഹന്മാർ ഇക്കാര്യം തോമസിനോട് പറഞ്ഞപ്പോൾ തോമസ് വിശ്വസിക്കാൻ കൂട്ടാക്കാതിരിക്കുകയും പിന്നീട് ഈശോ പ്രത്യക്ഷപ്പെട്ട് തോമസിനെ മാത്രം അടുത്തേക്ക് വിളിച്ച് അവിടുത്തെ ഹൃദയത്തിലും മുറിപ്പാടുകളിലും സ്പർശിക്കുവാൻ അനുവാദം നൽകിയപ്പോൾ തോമസിൽ വന്ന രൂപാന്തരീകരണവും ‘എന്റെ കർത്താവേ എന്റെ ദൈവമേ’ എന്ന വിശ്വാസ പ്രഖ്യാപനവും എല്ലാം യേശുക്രിസ്തുവിന്റെ ദൈവത്വത്തിലുള്ള മഹത്തായ വിശ്വാസ പ്രകടനമായിരുന്നു. പിന്നീട് ശ്ലീഹാ തന്റെ അനുഭവം ഭാരതസഭയ്ക്ക് പകർന്നു നൽകി നമ്മുടെ വിശ്വാസത്തിന്റെ പിതാവായി മാറുന്നത് നാം നമ്മുടെ വിശ്വാസത്തിൽനിന്ന് തിരിച്ചറിയുന്നു.

വി. യോഹന്നാന്റെ സുവിശേഷം 19:31-ൽ നാം കാണുന്നു “പടയാളികളിൽ ഒരുവൻ വന്ന് അവന്റെ തിരുവിലാവിൽ കുത്തി. അവിടെനിന്ന് രക്തവും വെള്ളവും ഒഴുകി.” ഈ രക്തവും ജലവും ലൊങ്കിനോസ് എന്ന പടയാളിയുടെ കണ്ണിനു കാഴ്ച നൽകി. അവൻ മിശിഹായെ നാഥനും രക്ഷകനുമായി അംഗീകരിച്ചു. അതിനപ്പുറം തന്നെ ദ്രോഹിച്ചവർക്കുപോലും സൗഖ്യത്തിന്റെ കരസ്പർശവുമായി സ്നേഹത്തിന്റെ പുതിയ ഭാഷ വിരചിക്കുന്ന യേശുനാഥനെയാണ് നാം ഇന്ന് അനുസ്മരിക്കുക എന്ന സത്യം മറക്കാതിരിക്കാം. തിരുഹൃദയത്തിൽനിന്നും പുറപ്പെട്ട രക്തത്തിനും വെള്ളത്തിനും തന്നെ കുത്തി മുറിവേല്പിച്ച പടയാളിയുടെ കണ്ണുകൾക്ക് കാഴ്ച നൽകാൻ സാധിച്ചതിലൂടെ അദ്ദേഹത്തിന് പുതിയൊരു ജീവൻ നൽകാൻ സാധിച്ചു. യഹൂദചിന്തയനുസരിച്ച് രക്തം എന്നു പറയുന്നത് ജീവന്റെ അടയാളമാണ്. മിശിഹായെ രക്ഷകനും നാഥനുമായി അംഗീകരിച്ചപ്പോൾ അവൻ പുതിയൊരു ജീവിതത്തിലേക്കു പ്രവേശിച്ചു. ഇപ്രകാരമൊരു നവമായ ജീവിതത്തിനുടമകളായിത്തീരുവാനാണ് ഈശോ നമ്മോടാവശ്യപ്പെടുന്നത്. നമ്മെ ദ്രോഹിക്കുന്നവരോടുപോലും ഹൃദയപൂർവ്വം നമ്മുടെ നാഥനും രക്ഷകനുമായ ഈശോയുടെ നാമത്തിൽ ക്ഷമിക്കുവാനും സ്നേഹിക്കുവാനും അങ്ങനെ നമുക്ക് സൗജന്യമായി ലഭിച്ച രക്ഷയുടെ അനുഭവത്തിലേക്ക് കടന്നുവരുവാനും സാധിക്കട്ടെ.

വർഷങ്ങൾക്കുമുമ്പ് നാം ക്രൈസ്തവ കുടുംബങ്ങളിൽ കയറിച്ചെല്ലുമ്പോൾ കട്ടിളപ്പടികളിൽ ഒരു തിരുഹൃദയരൂപത്തിന്റെ ചിത്രവും ഒപ്പം ഒരു സ്റ്റിക്കറും എഴുതി ഒട്ടിച്ചിരുന്നത് കാണാമായിരുന്നു. “ഈശോയാണ് ഈ കുടുംബത്തിന്റെ നാഥനും രക്ഷകനു”മെന്ന വിശ്വാസത്തിന്റെ സാക്ഷ്യം. എന്നാൽ ഇന്ന് കാലക്രമേണ ആ ആത്മീയ അഭ്യാസം അന്യം നിന്നുപോയി. ജീവിതത്തിലുടനീളം മിശിഹായെ കർത്താവും ദൈവവുമായി അംഗീകരിച്ച് ഏറ്റുപറയുകയും മിശിഹായുടെ സ്നേഹത്തിന്റെ പ്രവർത്തികൾ ജീവിതത്തിൽ പ്രാവർത്തികമാക്കുകയും ചെയ്യുമ്പോഴാണ് നാം യഥാർത്ഥത്തിൽ തിരുഹൃദയ ചൈതന്യത്തിലേക്ക് വളരുകയുള്ളൂ. ഈ കാഴ്ചപ്പാടിൽ നമുക്ക് ആയിരിക്കാം. ദൈവം നമ്മെ അനുഗ്രഹിക്കട്ടെ...

*ആമേൻ.*